സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 06.02.2024

നമ്പർ. C2/41814/23/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ -വൈ ഐ പി ക്ലബ് - ബൈലോയിലെയും മിനിറ്റ്സിലെയും തീരുമാനം -നടപ്പിൽ വരുത്തുന്നതിനുള്ള -നിർദേശം നൽകുന്നത് -സംബന്ധിച്ച് :-

സൂചന :- 1.18.10.2023 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
27.01.2024 തീയതിയിൽ കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്

മേൽ സൂചന (1) പ്രകാരം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹൈസ്കൂൾ തലം മുതൽ ഗവേഷണ പഠന തലം വരെ ഉള്ള വിദ്യാർത്ഥികളിൽ നൂതനാശയ രൂപീകരണം പ്രോൽസാഹിപ്പിക്കുന്നത് വഴി അവരെ ഭാവി ഇന്നൊവേറ്റർ ആയി മാറ്റുന്നതിനും അതുവഴി പുതിയ ഉല്പന്നങ്ങൾ സേവനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പദ്ധതിയായ യങ് ഇന്നൊവേറ്റർ പ്രോഗ്രാമിന്റെ ഭാഗമായി വൈ ഐ പി ക്ലബുകൾ ഈ വകുപ്പിന് കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളിലും പോളിടെക്നിക്ക് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നിർദേശം നല്കിയിരുന്നു.യങ് ഇന്നൊവേറ്റർ ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ വന്ന By-Law യിലെ നിർദേശങ്ങളും 27.01.2024 ൽ കൂടിയ മീറ്റിംഗിലെ മിനിറ്റ്സിലെ നിർദേശങ്ങളും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു. By-Law യുടെയും മിനിറ്റ്സിൻറെയും പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1) എല്ലാ ടെക്നിക്കൽ ഹൈ സ്കൂൾ സൂപ്രണ്ട് മാർക്കും
2)എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും
3) സ്റ്റോക്ക് ഫയൽ
4) ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

## Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 06.02.2024
Reason: Approved

Draft #7 of File C2/41814/23/DTE Approved by Director (in-charge) on 06-Feb-2024 11:59 AM - Page 1

The document is digitally approved. Hence signature is not needed.

No.YIP/00/2024.
Date 27.01.2024

27.01.2024 രാവിലെ 2 പി എം ന ബഹു: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. രാജശ്രീ എം എസ് ൻറെ അധ്യക്ഷതയിൽ കൂടിയ യങ് ഇന്നോവേറ്റേഴ്സ് ക്ലബ്ബ് യോഗത്തിന്റെ മിനിറ്റ്സ്

**ഹാജർ**

1. ഡോ . രാജശ്രീ എം എസ് ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ
2. ഡോ. എം രാമചന്ദ്രൻ സീനിയർ ജോയിന്റ് ഡയറക്ടർ (പി എസ് )
3. ശ്രീ. സുൾഫിക്കർ എ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
4. ജയൻ പി വിജയൻ YIP ക്ലബ്ബ് കോഓർഡിനേറ്റർ
5. ശ്രീ ഷിബു ആർ എസ് പ്രിൻസിപ്പൽ GPTC നെയ്യാറ്റിൻകര
6. ശ്രീ ലിജോ ചെറിയാൻ ലെക്ച്ചറർ GPTC പെരുമ്പാവൂർ
7. ശ്രീ പ്രസൂൺ മംഗലത്ത് ടെക്നിക്കൽ ഓഫീസർ YIP

**തീരുമാനങ്ങൾ**

1. ഉത്തരവ് നമ്പർ C2/41814/23/DTE, തീയതി 18.01.2024 പ്രകാരം അംഗീകരിച്ച യങ് ഇന്നോവേറ്റേഴ്സ് ക്ലബുകളുടെ ബൈലോ അനുശാസിക്കുന്ന രീതിയിൽ എല്ലാ പോളിടെക്നിക്കുകളിലും ടെക്നിക്കൽ ഹൈ സ്കൂളുകളിലും യങ് ഇന്നോവേറ്റേഴ്സ് ക്ലബുകൾ 2024 ഫെബ്രുവരി 10 നു മുൻപായി രൂപീകരിക്കേണ്ടതാണ്

2 . യങ് ഇന്നോവേറ്റേഴ്സ് ക്ലബിന്റെ ലോഗോ ഓൺലൈൻ മത്സരം നടത്തി 2024 ഫെബ്രുവരി 2 നു മുൻപായി കണ്ടെത്തി നിശ്ചയിക്കുവാൻ തീരുമാനിച്ചു

3. ഹൈ സ്കൂൾ /ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥികൾക്കിടയിൽ നൈപുണ്യ പരിശീലന/ നൈപുണ്യവികസന സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള കരിയർ ആപ്റ്റിട്യൂഡ് ടെസ്റ്റ് സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു. പ്രസ്തുത ടെസ്റ്റിന്റെ പ്രചാരണ പ്രവർത്തനങ്ങളും ടെസ്റ്റ് നടത്തിപ്പും ഫെബ്രുവരി 12 മുതൽ 17 വരെയുള്ള തീയതികളിൽ നടത്തുവാൻ പോളിടെക്നിക്കുകളെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

4. ടെസ്റ്റ് നടത്തിപ്പിന്റെ  നടപടിക്രമങ്ങൾ ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപെട്ടു ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ തീരുമാനിച്ചു

5. വെബ് ബേസ്ഡ് കരിയർ ആപ്റ്റിട്യൂട് ടെസ്റ്റിൽ പങ്കെടുക്കുന്നവർക്ക് ലക്കി ഡ്രോയിലൂടെ സമ്മാനങ്ങൾ നൽകുവാൻ തീരുമാനിച്ചു

6. 2024 ഫെബ്രുവരി 17 ന മുൻപായി സ്കൂൾ വിദ്യാർഥികൾ, പരിസരവാസികൾ എന്നിവർക്ക് പോളിടെക്നിക്ക് പഠനത്തിന്റെ നേട്ടങ്ങളും സാധ്യതകളും, പോളിടെക്നിക്കിലെ ലാബുകൾ വർക്ഷോപ്പുകൾ, വിദ്യാർഥികളുടെ പ്രോജക്ടുകൾ എന്നിവയെ പറ്റി മനസ്സിലാക്കുവാൻ വേണ്ടി കോളേജുകളിൽ ടെക്നിക്കൽ എക്സിബിഷൻ,  ലാബുകളും വർക്ഷോപ്പുകളും പരിചയപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് .Open House Towards Technology programme നടത്തുവാൻ തീരുമാനിച്ചു

7 . യങ് ഇന്നോവേറ്റേഴ്സ്  ക്ലബുകളുടെ നേതൃത്വത്തിൽ ഫെബ്രുവരി 22,23 ,24  തീയതികളിൽ ടെക്നിക്കൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും പ്രസ്തുത ഫെസ്റ്റിൽ ബഹു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു , ബഹു: വ്യവസായ-നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവ് എന്നിവരെ ക്ഷണിക്കുന്നതിനും തീരുമാനിച്ചു

8. നിർദിഷ്ട സംസ്ഥാനതല എക്സിബിഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി ജനപ്രതിനിധികൾ സാങ്കേതിക വിദഗ്ദ്ധർ ജീവനക്കാർ എന്നിവർ ഉൾപ്പെട്ട സ്വാഗതസംഘം രൂപീകരിക്കുവാൻ കോഓർഡിനേറ്റർ ശ്രീ ജയൻ പി വിജയനെ ചുമതലപ്പെടുത്തി

9. ഒരു പോളിടെക്നിക്കിൽനിന്നും 2 പ്രോജക്ടുകളും 2 പാർട്ടിസിപ്പന്റ്സിനെയും വീതം ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു

10. ടെക്നിക്കൽ ഫെസ്റ്റിനോടനുബന്ധിച്ച് നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ കേരള കൾച്ചറൽ ഫെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു

11. ടെക്നിക്കൽ ഫെസ്റ്റിൽ കുടുംബശ്രീയുടെ ഫുഡ് ഫെസ്റ്റിവൽ, കമേഴ്സ്യൽ സ്റ്റാളുകൾ എന്നിവ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു

12. ടെക്നിക്കൽ ഫെസ്റ്റിന്റെ ഭാഗമായി ടെക്നിക്കൽ എക്സിബിഷൻ, പേപ്പർ പ്രെസെന്റേഷനുകൾ, ഐഡിയ ഹണ്ട്, കോഡിങ് വർക്ഷോപ്പ്  തുടങ്ങിയവ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു

13. വിവിധ വിഭാഗങ്ങളിലായി ഏറ്റവും മികച്ച 5 പ്രോജക്ടുകൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു

ഉദാ: Rural Technology, Aid for differently abled, Innovative idea, Kerala economy empowerment

14. 31.01.2024 ന പ്രിൻസിപ്പൽമാർ കോർഡിനേറ്റർമാർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ റിവ്യൂ മീറ്റിങ് ചേരുവാൻ തീരുമാനിച്ചു

15. ഓരോ ആഴ്ചയിലും പ്രവത്തന പുരോഗതി വിലയിരുത്തുന്നതിനുള്ള റിവ്യൂ മീറ്റിങ്ങുകൾ ചേരുവാൻ തീരുമാനിച്ചു

16. ടെക്നിക്കൽ ഫെസ്റ്റിന്റെ നടത്തിപ്പിനുവേണ്ടി മൊബൈൽ ആപ്പ്, വെബ് ആപ്പ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾക്കായി ടെക്നിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി

## YOUNG INNOVATORS CLUB

## BY-LAW DRAFT

**സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈ സ്കൂളുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളിൽ നൂതനാശയ രൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനും സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾക്ക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹാരം കണ്ടെത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് യങ്ങ് ഇന്നോവറ്റോർസ് ക്ലബ്ബുകൾ രൂപീകരിക്കുന്നത്. കേരള സർക്കാരിന്റെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലെ കേരള ഡെവലപ്മെൻറ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൌൺസിൽ (K-DISC) നടപ്പിലാക്കി വരുന്ന പദ്ധതിയായ യങ്ങ് ഇന്നൊവേറ്റർ പ്രോഗ്രാമിന്റെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനും യങ്ങ് ഇന്നോവറ്റോർസ് ക്ലബ്ബുകൾ സഹായകരമാവും. നൂതനാശയ രൂപീകരണത്തിനുവേണ്ടി Teaching/Learning പ്രവർത്തനത്തെ സഹായിക്കുന്ന പദ്ധതി നടപ്പിലാക്കുക എന്ന ലക്ഷ്യങ്ങളോട്ടുകൂടിയാണ് യങ്ങ് ഇന്നോവറ്റോർസ് ക്ലബ്ബുകൾ സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളിലും പോളിടെക്നിക്ക് കോളേജുകളിലും രൂപകരിക്കുന്നത്.**

**2)യങ്ങ് ഇന്നോവറ്റോർസ് ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ**

കേരള സർക്കാർ രൂപീകരിച്ച ചിന്താകേന്ദ്രവും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ K-DISC ന്റെ Young Innovator Programme (YIP)ൽ വിദ്യാർത്ഥികളെ ഭാഗമാക്കുക.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രകാശിപ്പിക്കാനും ഒരു അന്തരീക്ഷം സൃഷ്ടിക്കുക.

വിദ്യാർത്ഥികളിൽ നവീന ചിന്തകൾക്ക് പ്രോത്സാഹനം നൽകുക, സാമൂഹിക പ്രതിബദ്ധത സൃഷ്ടിക്കുക.

വിദ്യാർത്ഥികൾക്ക് ഒരുമിച്ച് പ്രവർത്തിക്കാനും സാങ്കേതിക വിദ്യ സാമൂഹിക പുരോഗതിക്കായി ഉപയോഗിക്കുന്ന നൂതന ആശയങ്ങൾ പങ്കുവയ്ക്കാനും ഇടമൊരുക്കുക.

വിദ്യാർത്ഥികളുടെ കഴിവുകൾ സാമൂഹിക പ്രശ്നങ്ങൾ ടെക്നോളജി ഉപയോഗപ്പെടുത്തി പരിഹരിക്കുന്നതിന് പ്രാപ്തമാക്കുക.

YIP യുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് സഹായങ്ങൾ നൽകുക.


പോളിടെക്നിക് / ടെക്നിക്കൽ ഹൈ സ്കൂൾ വിദ്യാർത്ഥികൾ നൂതനാശയ രൂപീകരണം വഴി സൃഷ്ടിക്കുന്ന ഉത്പന്നങ്ങൾക്ക് പ്രദർശന സൗകര്യം ഒരുക്കുക.

ടെക്നിക്കൽ ഫെസ്റ്റുകൾ സംഘടിപ്പിക്കുക.

വ്യവസായ സ്ഥാപനങ്ങളുടെ നിലവിലുള്ള ഉൽപ്പന്നങ്ങളുടെ വിപുലീകരണത്തിന് Research & Development പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.

വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും അംഗീകാരവും പ്രചാരണവും നൽകുക.

**3)YOUNG INNOVATORS CLUB ഘടന**




**4)ക്ലബ്ബ് രൂപീകരിക്കുന്നത് എങ്ങനെ?**

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ താല്പര്യമുള്ള വിദ്യാർത്ഥികളുടെ ഗ്രൂപ്പിന് ഇന്നൊവേഷൻ ക്ലബ്ബ് രൂപീകരിക്കാം.

ഒരു സ്ഥാപനത്തിൽ ഒരു ഇന്നൊവേഷൻ ക്ലബ്ബ് മാത്രമെ അനുവദിക്കാൻ പാടുള്ളൂ.

25 വിദ്യാർഥികളെങ്കിലും എൻറോൾ ചെയ്താലേ അതിനെ ഒരു സജീവ ഇന്നൊവേഷൻ ക്ലബ്ബ് ആയി പരിഗണിക്കുകയുള്ളൂ.

**5)ഫാക്കൽറ്റി അംഗങ്ങളുടെ എൻറോൾമെൻറ്**

ക്ലബ്ബിന്റെ രൂപീകരണത്തിന് ശേഷം സ്ഥാപനത്തിലെ മേധാവി വിവിധ ബഞ്ചുകളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തി ഫാക്കൽറ്റി ടീം രൂപികരിക്കേതാണ്.

സീനിയോറിറ്റിയും താത്പര്യവുമുള്ള ഒരു അദ്ധ്യാപിക/അദ്ധ്യാപകൻ YIP club കോർഡിനേറ്ററായി ചുമതലപ്പെടുത്തും.

തുടർന്നുള്ള ഫാക്കൽറ്റി അംഗത്വത്തിന് ഒരു നിശ്ചിത ഫോറംവഴി അദ്ധ്യാപകർ കോർഡിനേറ്റർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

NSS പ്രോഗ്രാം ഓഫീസർമാർ അംഗങ്ങൾ ആയിരിക്കും.

ഫാക്കൽറ്റി ടീമിന്റെ കാലാവധി മൂന്ന് വർഷമാണ്.

## 6 )ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതി

ക്ലബിലെ മുഴുവൻ അംഗങ്ങളും ഉൾപ്പെടുന്നതാണ് വിദ്യാർത്ഥി സമിതി.

ഇന്നൊവേഷൻ ക്ലബിലെ മുഴുവൻ വിദ്യാർത്ഥികളും ഉൾക്കൊള്ളുന്നു.

വർഷത്തിൽ രണ്ടുതവണ വിദ്യാർത്ഥി സമിതി ചേരണം.

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതും ഇവിടെയാണ്.

വിദ്യാർത്ഥി സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തിക്കേണ്ടത്.

ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുക്കണം.

## 7)എക്സിക്യൂട്ടീവ് കമ്മിറ്റി

ബ്രാഞ്ചുകളുടെ എണ്ണമനുസരിച്ച് 9-15 അംഗങ്ങൾ ആകാവുന്നതാണ്.

കുറഞ്ഞത് 50% വിദ്യാർത്ഥിനി പ്രാതിനിധ്യം ഉറപ്പിക്കാൻ ശ്രമിക്കണം.

NSS വോളന്റീർ സെക്രട്ടറിമാർ എക്സിക്യൂട്ടീവ് കമ്മിറ്റീ അംഗങ്ങൾ ആയിരിക്കും.

കമ്മിറ്റിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവർ ഉണ്ടാകണം.

## 8)ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലകൾ

യങ് ഇന്നൊവേറ്റേഴ്സ് ക്ലബ്ബിന്റെ ഓഫീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുക.

വൈ.ഐ.പി.യിൽ രജിസ്റ്റർ ചെയ്യുന്ന പങ്കാളികളെ സജീവമായി സഹായിക്കുക.

ഇന്നൊവേഷൻ ക്ലബ്ബിലേക്ക് പുതിയ വിദ്യാർത്ഥികളെ എൻറോൾ ചെയ്യുക.

YIP ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക.

## 9)ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതി പ്രസിഡന്റ് ചുമതലകൾ

ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതിയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും നേതൃപരമായ പങ്ക് നിർവ്വഹിക്കുക.

ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതിയുടെ ജനറൽ ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

**10) ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതി സെക്രട്ടറി ചുമതലകൾ**

ഇന്നൊവേഷൻ ക്ലബ്ബ് വിദ്യാർത്ഥി സമിതിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

റിപ്പോർട്ടുകളും ആക്ഷൻ പ്ലാനും തയ്യാറാക്കി വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവിലും ജനറൽ ബോഡിയിലും അംഗീകാരത്തിനായി അവതരിപ്പിക്കുക.

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും നേതൃപരമായ പങ്ക് നിർവ്വഹിക്കുക.

കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത് ക്ലബ്ബ് വിദ്യാർത്ഥി സമിതിയുടെ തീരുമാനങ്ങൾ അവതരിപ്പിക്കുക.

**11) ഇന്നൊവേഷൻ-ക്ലബ്ബ് വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ ചുമതലകൾ**

ഇന്നൊവേഷൻ ക്ലബ്ബിന്റെ വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് എല്ലാ പ്രവർത്തനങ്ങളിലും പിന്തുണ നൽകുക.

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിനുമായി പ്രവർത്തിക്കുക.

**12 ഇൻസ്റ്റിറ്റ്യൂഷണൽ ഇന്നൊവേഷൻ കൗൺസിൽ**

Principal / THS Superintendent കൗൺസിലിന്റെ ചെയർമാൻ / അധ്യക്ഷൻ ആയിരിക്കും.

ഇന്നൊവേഷൻ ക്ലബ്ബിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഫാക്കൽറ്റി ടീം അംഗങ്ങളും ഉൾപ്പെടുന്നു.

ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി മുന്നോട്ട് കൊണ്ടുപോകേണ്ടത് കൗൺസിലിന്റെ ചുമതലയാണ്.

യങ്ങ് ഇന്നൊവേഷൻ ക്ലബ്ബ് ഡയറക്ടറേറ്റ്തല എക്സിക്യൂട്ടീവ് കമ്മിറ്റി തയാറാക്കുന്ന പരിപാടികൾ ഏറ്റെടുക്കണം.

**13 മീഡിയ & മാർക്കറ്റിംഗ് ലീഡ്**

വിദ്യാർത്ഥി എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരു അംഗത്തെ മീഡിയ & മാർക്കറ്റിംഗ് ലീഡ് ആയി കമ്മിറ്റി തിരഞ്ഞെടുക്കേണ്ടതാണ്.

പ്രൊമോഷണൽ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

ക്ലബ്ബുമായി ബന്ധപ്പെട്ട് ക്യാമ്പസിൽ നടക്കുന്ന ഇവന്റുകൾ റിപ്പോർട്ട് ചെയ്യുക.

ക്ലബ്ബിന്റെ ബ്രാന്റിങ്ങ് നടത്തുന്നതിന് നേതൃപരമായ പങ്ക് നിർവ്വഹിക്കുക.

**14) ഇന്നൊവേഷൻ പ്രവർത്തനങ്ങൾ**

ആശയരൂപീകരണത്തിന് വിദ്യാർത്ഥികൾക്ക് 2-6 വരെ ഉള്ള ഗ്രൂപ്പ് ആയി മാറാവുന്നതാണ്.

ഈ ആശയങ്ങൾ ഇന്നൊവേഷൻ കൗൺസിൽ ചർച്ചചെയ്ത് അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകേണ്ടത് തിരഞ്ഞെടുക്കേണ്ടതാണ്.

ഫാക്കൽറ്റി ടീം ഇന്നൊവേഷൻ ടീമിന്റെ ആശയത്തെ മുന്നോട്ട് കൊണ്ടുപോകുന്ന സാങ്കേതിക സഹായവും പിന്തുണയും നൽകേണ്ടതാണ്.

YIP പ്രോഗ്രാമിന്റെ വിവിധ പരിപാടികൾ K-DISC-മായി യോജിച്ച് പ്രവർത്തിക്കണം.

വിദ്യാർത്ഥികളെ Project Development ന്റെ ഭാഗമാക്കാൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം (3 വർഷം ലഭ്ക്കും)

**15 ഇന്നൊവേഷൻ ക്ലബ്ബുകൾക്ക് സംഘടിപ്പിക്കാവുന്ന പരിപാടികൾ**

ക്ലബ്ബിലെ അംഗങ്ങളെ ലീഡർമാരായോ, ഇന്നോവേറ്റർമാരായോ വളരുന്നതിന് സഹായിക്കുന്ന ഇവന്റുകൾ സംഘടിപ്പികണം.

പുതിയ അംഗങ്ങൾക്കായി Induction പ്രോഗ്രാം സംഘടിപ്പിക്കുക.

ഇവന്റുകൾ ഓൺലൈനോ ഓഫ്ലൈനോ ആകാം.

Idea-Workshop കൾ സംഘടിപ്പിക്കണം.

Hackathon/ Industry Visit എന്നിവയ്ക്ക് അവസരം ഒരുക്കുക.

കോളേജിന് ചുറ്റുമുള്ള പ്രദേശത് Technical need assessment survey സംഘടിപ്പിക്കുക.

കോളേജ് തലത്തിൽ Tech-fest, Technical Exhibition എന്നിവ സംഘടിപ്പിക്കുക.

ആശയങ്ങൾ ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് വേണ്ട Workshop കൾ സംഘടിപ്പിക്കണം.

**16) ഇന്നൊവേഷൻ ക്ലബ്ബ് ഇവന്റ്**

**സംസ്ഥാന തലം**

ഇന്നൊവേഷനുമായി ബന്ധപ്പെട്ട് കെ-ഡിസ്ക് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുകയും പിന്തുണ നൽകുകയും വേണം.

സംസ്ഥാനതലത്തിൽ Polytechnic/THS വിദ്യാർത്ഥികളുടെ ടെക്നിക്കൽ എക്സിബിഷൻ സംഘടിപ്പിക്കുക.

നൂതനാശയ രൂപീകരണത്തിനുവേണ്ടി Teaching/Learning പ്രവർത്തനത്തെ സഹായിക്കുന്ന പദ്ധതി തയ്യാറാക്കുക.

സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തയാറാക്കുന്ന പരിപാടികൾ.

## 17) പ്രതിമാസ ഇന്നൊവേഷൻ ക്ലബ്ബ് വിശകലന യോഗങ്ങൾ

നൂതനാശയങ്ങൾ അവതരിപ്പിക്കുന്നതിനും, ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള തീരുമാനങ്ങൾ എടുക്കുന്നതിനും യോഗം ചേരണം, യോഗത്തിന്റെ Minutes സൂക്ഷിക്കണം.

## 18)മറ്റ് സ്ഥാപനങ്ങളുമായുള്ള സഹകരണങ്ങൾ

NSS ടെക്‌നിക്കൽ സെൽ

സാമൂഹിക പ്രശ്നങ്ങൾക്ക് ടെക്നോളജിയുടെ പരിഹാര കണ്ടെത്തുന്നതിന് പ്രവർത്തിക്കുന്ന NSS (ടെക്‌നിക്കൽ സെൽ )– മായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ക്യാമ്പസുകളിൽ യങ് ഇന്നോവറ്റേർസ് ക്ലബിന് യോജിച്ച് പ്രവർത്തിക്കാൻ കഴിയുന്നതാണ്. വോളന്റീർമാരുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

K– DISC (YIP Programme)

കേരള സർക്കാരിന്റെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലെ കേരള ഡെവലപ്‌മെൻറ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൌൺസിൽ (K–DISC) നടപ്പിലാക്കി വരുന്ന പദ്ധതിയായ യങ് ഇന്നൊവേറ്റർ പ്രോഗ്രാമിന്റെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനും യങ് ഇന്നോവറ്റോർസ് ക്ലബ്ബുകൾ സഹായകരമാവും. ഇന്നൊവേഷനുമായി ബന്ധപ്പെട്ട് കെ–ഡിസ്ക് സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുക്കുകയും പിന്തുണ നൽകുകയും വേണം.

യങ് ഇന്നൊവേഷൻ ക്ലബ്ബിന് ഇൻഡസ്ടറി ഓൺ ക്യാമ്പസ്(IOC), പൊതു–സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ , തദ്ദേശ സ്വയംവരണ സഥാപനങ്ങൾ , പ്ലേസ്മെന്റ് സെൽ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള സംയുക്ത പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ സ്ഥാപനത്തിലെ ഇന്നൊവേഷൻ കൗൺസിലിന്റെ അംഗീകാരത്തോടെ മാത്രമേ സംയുക്ത പരിപാടികൾ സംഘടിപ്പിക്കാവൂ.

## 19) വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി സെക്രട്ടറി സൂക്ഷിക്കേണ്ടവ

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനുട്സ് ബുക്ക്.

ജനറൽ ബോഡി മിനുട്സ് ബുക്ക്.

വിദ്യാർത്ഥി സമിതി അംഗത്വ രജിസ്റ്റർ – നിശ്ചിത ഫോർമാറ്റിൽ അംഗത്വ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം.

ഓരോ വർഷവും വിദ്യാർത്ഥി സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ജനറൽ ബോഡി യോഗത്തിലും അവതരിപ്പിച്ച് പാസാക്കുന്ന ആക്ഷൻ പ്ലാൻ.

പ്രവർത്തന രജിസ്റ്റർ.

വരവ് ചെലവ് കണക്ക് രെജിസ്റ്റർ.

**20) ഫാക്കൽറ്റി ടീം കൺവീനർ സൂക്ഷിക്കേണ്ടവ**

ഇന്നൊവേഷൻ പ്രോജക്ടുകളുടെ രജിസ്റ്റർ.

ഫാക്കൽറ്റി ടീം രജിസ്റ്റർ.

ഇൻസ്റ്റിറ്റ്യൂഷണൽ ഇന്നൊവേഷൻ കൗൺസിൽ മിനുട്സ് ബുക്ക്.

**21) Directorate Level Executive Committee**

1)Chairman : Director of Technical Education

2) Vice Chairman: 1) Member Secretary K-DISC
2) Senior Joint Director(PS)
3) Joint Director SITTTR
4) Coordinator IIIC

3) Member Secretary : Deputy Director (Academic)

4)Coordinator: Nominated by DTE

5) Technical Officer : Nominated by DTE

6)Members : Principal-1
HOD -1
THS Superintendent -1
NSS Programme Coordinator
Young Innovation Club Coordinator -1
Young Innovation Club Student Rep - 1
Inter polytechnic Student Council Chairman
Inter polytechnic Student Council General Secretary

## 22)Directorate Level Executive Committee- ചുമതലകൾ

സംസ്ഥാനത്തിൽ Young Innovation Club പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുക

Young Innovation ക്ലബ്ബുകളും പ്രവർത്തനം വിലയിരുത്തുക.

വിവിധ പദ്ധതികളും അവസരങ്ങളും ഇന്റഗ്രേറ്റ് ചെയ്യുക.

വിദ്യാർത്ഥികളുടെ ഇന്നോവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലയത്തിൽ പദ്ധതികൾ തയ്യാറാക്കുക ഇവെന്റുകൾ പ്ലാൻ ചെയ്ത് നടപ്പിലാക്കുക.

വർഷത്തിൽ കുറഞ്ഞത് കുറഞ്ഞത് രണ്ട് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരണം.

വിവിധ പ്രോഗ്രാമുകളുടെ Financial Expenditure സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കുക.

വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ സംബന്ധിച്ച ലഘുലേഖ പ്രസിദ്ധീകരിക്കുക.

സംസ്ഥാനതല ടെക്നിക്കൽ എക്സിബിഷൻ സംഘടിപ്പിക്കുക.

വിദ്ധാർത്ഥികളെ സഹായിക്കുന്നതിന് വിവിധ വിഷയങ്ങളിലെ വിദഗ്ധ അധ്യാപകരുടെ Expert Panel രൂപീകരിക്കുക.

ഇന്നോവേഷൻ ക്ലബിന് വേണ്ട Logo, Board, By-Law, Action plan എന്നിവയ്ക്ക് അനുമതി നൽകുക.